# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1108** — **20.03.2012-ൽ മറുപടി നൽകേണ്ടത്**

### എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് ഭവനവായ്പാ പദ്ധതി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.തിലോത്തമൻ എം.എൽ.എ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂമന്ത്രി |
| (എ) റവന്യൂ ഓഫീസുകളിലൂടെ പണം പിരിച്ചെടുക്കുന്ന എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് ഭവനവായ്പാ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഈ ഇനങ്ങളിൽ എത്ര കാലം കൂടി സർക്കാർ പണം പിരിക്കേണ്ടി വരുമെന്നും, ഇനിയും എത്ര രൂപ തിരികെ ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (എ) ഇപ്പോൾ ഈ പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നില്ല. മുൻകാലത്ത് നടപ്പിലാക്കിയതിന്റെ പണപ്പിരിവ് വില്ലേജ് ഓഫീസ് മുഖാന്തിരം നടത്തി വരുന്നു. ഇനിയും ശരാശരി 8 വർഷത്തിലധികം പണം പിരിയ്ക്കേണ്ടതായി വരും. ഇരു പദ്ധതികളിലും കൂടെ ആകെ 3,43,50,010/- രൂപ തിരികെ ലഭിയ്ക്കുവാനുണ്ട്. |
| (ബി) എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് ഭവനവായ്പ നൽകിയ കേസുകളിൽ ഇവരിൽ നിന്നും ഈടായി സ്വീകരിച്ചിരുന്ന പ്രമാണങ്ങളും പട്ടയങ്ങളും എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് പറയാമോ; ഇവ തിരിച്ചു ലഭിക്കാൻ വേണ്ട നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ; | (ബി) താലൂക്ക് ഓഫീസുകളിലാണ് പ്രമാണങ്ങൾ സൂക്ഷിച്ചിട്ടുള്ളത്, മുതൽ, പലിശ, പിഴപലിശ എന്നിവ ഒടുക്കിയശേഷം റിലീസ് ഡീഡ് രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് രേഖകൾ തിരികെ നൽകിവരുന്നു. |
| (സി) എൽ.ഐ.ജി.എച്ച്., എം.ഐ.ജി.എച്ച്. കേസുകളിൽ തിരിച്ചടവ് വർഷങ്ങൾ നീണ്ടുനിൽക്കുന്നതിനാൽ തിരിച്ചടവ് നടത്തിയതു സംബന്ധിച്ച രസീതുകളും രേഖകളും നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) വില്ലേജുകളിലും താലൂക്കുകളിലും തിരിച്ചടവ് രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. രസീതുകളും രേഖകളും നഷ്ടപ്പെട്ടാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട വില്ലേജ്, താലൂക്ക് തല രജിസ്റ്ററിൽനിന്നും ലഭ്യമാണ്. |
| (ഡി) എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് കേസുകളിൽ മുൻകൂറായി പണമടച്ചു തീർത്താൽ പ്രമാണമടക്കമുള്ള രേഖകൾ മടക്കിക്കിട്ടാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരിച്ചടവു സംബന്ധിച്ച ട്രഷറി റികൺസിലിയേഷനും റിലീസ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലതാമസവും രേഖകൾ തിരിച്ചു നൽകാൻ കാലതാമസം ഉണ്ടാക്കുന്നു. നിയമാനുസൃത നടപടി ക്രമങ്ങൾ പാലിച്ചു കാലതാമസമില്ലാതെ ആധാരങ്ങൾ തിരികെ നൽകുവാൻ ശ്രദ്ധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ